## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1491 14/06/2013-ൽ മറുപടിയ്ക്ക്

### കാസർഗോഡ് ജില്ലയിലെ ടെറസ് കൾട്ടിവേഷൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ടെറസ് കൾട്ടിവേഷൻ പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലെ ഏതെല്ലാം നഗര സഭകളിലാണ് പച്ചക്കറി കൃഷി ചെയ്തത്; | എ) പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലെ കാസർഗോഡ്. നീലേശ്വരം, കാഞ്ഞങ്ങാട് എന്നീ നഗരങ്ങളിലാണ് പച്ചക്കറി കൃഷി ചെയ്യുന്നത്. |
| ബി) ഓരോ നഗര സഭയിലും എത്രപേർ കൃഷി ചെയ്തു വെന്നും എത്രരൂപ സബ്സിഡി നൽകിയെന്നും അറിയിക്കാമോ; | ബി) നീലേശ്വരം, കാഞ്ഞങ്ങാട് എന്നീ നഗരസഭകളിൽ 1330 പേർക്ക് വീതം കൃഷി ചെയ്യാൻ ഗ്രോബാഗുകൾ നൽകി. ഇതിനായി ഓരോ നഗരസഭകളിലും 19,95,000/- രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്. കാസർഗോഡ് നഗരസഭയിൽ ഇതുവരെ 747 പേർക്ക് കൃഷി ചെയ്യാൻ ഗ്രോബാഗ് നൽകി. ഈ ഇനത്തിൽ 11,20,500/- രൂപ സബ്സിഡി നൽകിയിട്ടുണ്ട്. ബാക്കിയുള്ള 583 പേർക്ക് ഗ്രോബാഗുകൾ വിതരണം ചെയ്തു വരുന്നു. |
| സി) ഈ പദ്ധതിയിലൂടെ എത്ര ടൺ പച്ചക്കറി ഉൽപ്പാദിപ്പിച്ചു വെന്ന് അറിയിക്കാമോ; | സി) പദ്ധതി പ്രകാരം ഉദ്ദേശം 18 ടൺ പച്ചക്കറി ഇതുവരെ ലഭിച്ചിട്ടുണ്ട്. വിളവെടുപ്പ് ഇപ്പോഴും തുടരുന്നു. |
| ഡി) പദ്ധതി വിജയകരമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | ഡി) പച്ചക്കറി കൃഷി ചെയ്യുവാൻ ഭൂമിയില്ലാത്തവർക്ക് ഈ പദ്ധതിമൂലം സ്വന്തമായി പച്ചക്കറി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞു. നല്ല ശ്രദ്ധയും, പരിരക്ഷയും നൽകി പരിപാലിച്ച ഗ്രോബാഗുകളിൽ നിന്ന് വിഷാംശമില്ലാത്ത പച്ചക്കറികൾ വീട്ടാവശ്യത്തിന് ഉപയോഗിക്കുവാൻ സ്വാധിച്ചു. പല ഏജൻസികൾ മുഖേനയാണ് ഗ്രോബാഗുകൾ നൽകിയത് എന്നത് ചില സ്ഥലങ്ങളിൽ സമയത്ത് ഗ്രോബാഗുകൾ എത്തിക്കുന്നതിന് ബുദ്ധിമുണ്ടാക്കിയിരുന്നു-വെങ്കിലും അപേക്ഷിച്ചവർക്കെല്ലാം ഗ്രോബാഗുകൾ നൽകാൻ കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ